# ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ്
# INDIAN NATIONAL TRADE UNION CONGRESS
## (I N T U C)
## KERALA BRANCH

Telephone : 0471 – 2501035
Web : www.intuckerala.org
Email : keralaintuc@gmail.com

**PRESIDENT:**
R.CHANDRASEKHARAN
MOB : +91 94471 57455

K. KARUNAKARAN SMARAKA
INTUC MANDIRAM
T.C 43/1027 (7), Muttathara
Paruthikuzhi, Manacaud. P.O.
Thiruvananthapuram - 695 009,
Kerala, India


---

**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

**വിഷയം:- അംഗനവാടി ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കേണ്ടുന്നത് സംബന്ധിച്ച് :-**

സർ,

മാതൃ ശിശുസംരക്ഷണത്തിന്റെ ഭാഗമായി 1975 മുതൽ രാജ്യത്ത് പ്രവർത്തിച്ചുവരുന്ന അംഗനവാടി മേഖല സംസ്ഥാനത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. പോഷകാഹാരവും, പട്ടിണിയുംമൂലം കുഞ്ഞുങ്ങളും, ഗർഭിണികളും മരണപ്പെടുന്നത് ഇല്ലാതാക്കാൻ കഴിഞ്ഞു എന്നതാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടം.

കുടുംബസർവ്വെ, ആരോഗ്യവിദ്യാഭ്യാസം, ആരോഗ്യപരിപാലനം, മുലയൂട്ടലിന്റെ ഗുണം, കുടുംബാസൂത്രണത്തിന്റെ ആവശ്യകത, കുഞ്ഞുങ്ങളുടെ പരിപാലനം, കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകത, കുഞ്ഞുങ്ങളിലെ ശാരീരിക മാനസിക വൈകല്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ശരിയായ ബോധവൽക്കരണം നടത്തുകയും, പ്രാഥമിക വിദ്യാഭ്യാസവും, പോഷകാഹാരവും നൽകുകയും ചെയ്യുക എന്നതാണ് അംഗനവാടികളുടെ പ്രധാന പ്രവർത്തനങ്ങൾ. ഇതുമായി ബന്ധപ്പെട്ട നിരന്തരപ്രവർത്തനങ്ങളാണ് ഈ മേഖലയിലെ ജീവനക്കാർ നടത്തിവരുന്നത്. ഓരോ അംഗനവാടിയിലും ഒരു വർക്കറും സഹായിയും പണിയെടുക്കുമ്പോൾ, സംസ്ഥാനത്തെ 33130 അംഗനവാടികളിലായി 66000 ത്തോളം ജീവനക്കാർ ജോലിചെയ്യുന്നു. ഇവരെല്ലാവരും സ്ത്രീകളാണ് എന്നതുകൊണ്ട് 46 വർഷം പിന്നിട്ടിട്ടും തീർത്തും അവഗണിക്കപ്പെട്ടവരായി ഇവർ ഇന്നും തുടരുന്നു.

1975 ൽ തുടങ്ങിയ ഓണറേറിയം ഇന്ന് വർക്കറിന് പ്രതിമാസം 12000 രൂപയും, വർക്കർ സഹായിക്ക് 8000 രൂപയും ആയി മാറി എന്നതൊഴിച്ചാൽ മറ്റ് യാതൊരാനുകൂല്യങ്ങളും ഈ ജീവനക്കാർക്കില്ല. മറ്റ് സർക്കാർ ജീവനക്കാരെക്കാൾ ഉത്തരവാദിത്വവും, സാമൂഹ്യപ്രതിബന്ധതയും പുലർത്തി പുതിയൊരു മനുഷ്യതലമുറയെ വാർത്തെടുക്കുന്ന ഇവരുടെ പ്രവർത്തനങ്ങൾക്ക് അർഹമായ അംഗീകാരം നൽകാതെ അവഗണിക്കപ്പെടുന്നത്

പരിഷ്കൃതസമൂഹത്തിന് യോജിച്ചതല്ല. അംഗനവാടികളുടെ പരിലാളനകളും, വിദ്യാഭ്യാസ ത്തിന്റെ ആരംഭവും കുറിച്ചവർ പലരും ഉന്നതശ്രേണികളിലെത്തിയിട്ടും ഈ വിഭാഗം ജീവ നക്കാരുടെ ജീവിതപ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെട്ടില്ല എന്നത് ഒരു ഹൃദയവേദനയായി ഈ ജീവ നക്കാരിൽ ഇന്നും നിലനിൽക്കുന്നു.

സംസ്ഥാനത്ത് ജോലിചെയ്യുന്ന ഏതൊരു തൊഴിലാളിക്കും 700 രൂപാ മിനിമം വേതന മായി ലഭിച്ചിരിക്കണമെന്നതാണ് സർക്കാർ നയം എന്ന് അങ്ങ് പ്രഖ്യാപിച്ചത് വളരെ സന്തോഷത്തോടെയാണ് ഈ വിഭാഗം ജീവനക്കാർ ശ്രവിച്ചത്. എന്നാൽ സാമൂഹികനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഈ ജീവനക്കാർക്ക് ഈ പ്രഖ്യാപനത്തിന്റെ ഗുണഫലം ലഭിക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. ആയതിനാൽ താഴെപ്പറയുന്ന ആവശ്യങ്ങൾ അടിയന്തിരമായും അനുവദിച്ച് നൽകുവാനുള്ള നടപടികൾ അങ്ങ് സ്വീകരി ക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

1) നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളും, പഞ്ചായത്തും ഏകോപിച്ച് വർക്കറിന് 12000 രൂപയും, വർക്കർ സഹായിക്ക് 8000 രൂപയും പ്രതിമാസം ഓണറേറിയം നൽകി വരുന്നു. ഇത് വർദ്ധിപ്പിച്ച് അങ്ങ് പ്രഖ്യാപിച്ച 700 രൂപ പ്രതിദിന വേതനം ലഭിക്കുന്ന വിധം 21000 രൂപ ശമ്പളമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2) സമൂഹത്തിലെ ഇതരവിഭാഗം തൊഴിലാളികൾക്ക് ലഭിക്കുന്നതുപോലെ അംഗനവാടി ജീവനക്കാർക്കും കുടുംബത്തിനും ആരോഗ്യപരിരക്ഷ ഉറപ്പാക്കുംവിധം ESI പദ്ധതിക്ക് കീഴിൽ കൊണ്ടുവരുവാൻ നടപടികൾ സ്വീകരിക്കുക.

3) എത്രവർഷം ജോലിചെയ്താലും വെറും കൈയ്യോടുകൂടി ജോലിയിൽ നിന്നും വിര മിക്കേണ്ടുന്ന അവസ്ഥയാണ് അംഗനവാടി ജീവനക്കാർക്കുള്ളത്. ആയതിനാൽ EPF, ഗ്രാറ്റുവിറ്റി പദ്ധതികൾ അംഗനവാടി ജീവനക്കാർക്കും ബാധകമാക്കുവാൻ നടപടി സ്വീകരിക്കുക.

4) നിലവിൽ അംഗനവാടി പഠനങ്ങളെല്ലാം ഓൺലൈനിലൂടെയായതിനാൽ എല്ലാ അംഗനവാടികൾക്കും ലാപ്ടോപ്പും, സൗജന്യ ഇന്റർനെറ്റ് കണക്ഷനും അനുവദിക്കു ക.

5) കോവിഡ് കാലമായതിനാൽ ഭക്ഷണസാധനങ്ങൾ വീടുകളിലെത്തിച്ചാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. യാത്രചിലവിനായി നല്ലൊരു തുക ചിലവാകുന്നു. ഇതിന് പഞ്ചായത്തുകളിൽ നിന്നും വാഹനസൗകര്യം ഉറപ്പ് വരുത്തുകയോ, അഥവാ പ്രത്യേക യാത്രാബത്ത അനുവദിക്കുകയോ ചെയ്യുക.

6) കോവിഡ് മൂലം മരണപ്പെട്ട നിരവധി അംഗനവാടി ജീവനക്കാരുണ്ട്. അവരുടെ കുടുംബത്തിന് സർക്കാർ ധനസഹായം അനുവദിക്കുക.

7) കോവിഡ് കാലമായതിനാൽ നിലവിൽ ജോലിഭാരം ഏറെയാണ്. അതുകൊണ്ട് അധിക ജോലിഭാരം നൽകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുക.

8) സർക്കാർ സ്കൂളുകൾ ആധുനികവൽക്കരിക്കുകയും, പഠനസൗകര്യങ്ങൾ മെച്ചപ്പെ ടുത്തുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സ്കൂൾ പ്രവേശനത്തിന്റെ മുന്നോ

ടിയായുള്ള അംഗനവാടികളെ ആധുനികവൽക്കരിച്ച് സ്വന്തമായ കെട്ടിടങ്ങളിൽ കുട്ടികളുടെ വിനോദത്തിനുള്ള സൗകര്യങ്ങളോടുകൂടി മെച്ചപ്പെടുത്തി പ്രവർത്തിപ്പിക്കുക.

9) അംഗനവാടി വർക്കറുടെ തസ്തിക അംഗനവാടി ടീച്ചർ എന്നും, സഹായിയുടെ തസ്തിക അംഗനവാടി അസിസ്റ്റന്റ് എന്നും ആക്കി മാറ്റുകയും എല്ലാവർക്കും യൂണിഫോം വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

10) അംഗനവാടി ജീവനക്കാർക്ക് കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

വിശ്വസ്തതയോടെ,

**ആർ. ചന്ദ്രശേഖരൻ**
പ്രസിഡന്റ്

തിരുവനന്തപുരം
08.07.2021